കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2020 ജനുവരി 06 തിങ്കൾ

## പൊതു ഇടം എന്റേതും...'ഭരണിക്കാവ് ബ്ലോക്കിനു കീഴിൽ രാത്രി നടത്തം സംഘടിപ്പിച്ചു

ആലപ്പുഴ :'ഈ തെരുവുകൾ ഞങ്ങളുടേതും കൂടി'യെന്ന പ്രഖ്യാപനവുമായി സംസ്ഥാന വനിതാ ശിശുവികസന വകുപ്പ് രൂപവൽക്കരിച്ച പാതിരാനടത്തത്തിന്റെ ഭാഗമായി ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് ജനുവരി അഞ്ചിനു രാത്രിയിൽ ചാരുമ്മൂട്ടിൽ രാത്രിനടത്തം സംഘടിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രജനി ജയദേവ് പരിപാടിക്ക് നേതൃത്വം നൽകി.

ഇരുന്നൂറോളം വനിതകൾ നാലു സ്ഥലങ്ങളിൽ നിന്നും രണ്ടു പേർ വീതം ചാരുംമൂട് ജംഗ്ഷനിലേക്കു നടന്നെത്തി മെഴുകുതിരി കത്തിച്ച് പ്രതിജ്ഞയെടുത്തു. രാത്രി പതിനൊന്നിനു തുടങ്ങിയ നടത്തം ഒരുമണിയോടെ അവസാനിച്ചു. ബ്ലോക്കിലെ ഐ.സി.ഡി.എസ് ഉദ്യോഗസ്ഥരാണ് പരിപാടി സംഘടിപ്പിച്ചത്.

ബ്ലോക്ക് പഞ്ചായത്ത് വനിത അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് വനിത അംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ തുടങ്ങിയവർ പരിപാടിയുടെ ഭാഗമായി.

ശിശുവികസന വകുപ്പ് ഡിസംബർ 29നു ആരംഭിച്ച പാതിരാനടത്തം പരിപാടി അന്താരാഷ്ട്ര വനിതാ ദിനമായ മാർച്ച് 8 വരെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടരും.

( ചിത്രമുണ്ട്)

## ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് ജീവനിക്ക് തുടക്കമായി

ആലപ്പുഴ: കാർഷിക വികസനം ലക്ഷ്യമാക്കി കൃഷിഭവനും കാർഷികക്ഷേമ വകുപ്പും നടപ്പാക്കുന്ന ജീവനി -എന്റെ കൃഷി എന്റെ ആരോഗ്യം പദ്ധതിക്ക് ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിൽ തുടക്കമായി. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രജനി ജയദേവ് പച്ചക്കറി തൈ നട്ടുകൊണ്ട് പദ്ധതിക്ക് തുടക്കം കുറിച്ചു. ജനുവരി ഒന്ന് മുതൽ 2021 വിഷുവരെ നീണ്ടു നിൽക്കുന്ന ജൈവ പച്ചക്കറിക്ക്യഷി, പോഷകത്തോട്ട നിർമ്മാണം, പച്ചക്കറി വിപണനം, പരിശീലനം തുടങ്ങി നിരവധി പരിപാടികളാണ് പദ്ധതിയുടെ ഭാഗമായി ഒരുക്കിയിരിക്കുന്നത്.

ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. വി. വാസുദേവൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കൃഷി ഓഫീസർ ബി. പ്രീത കുമാരി പദ്ധതി വിശദീകരിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് കുഞ്ഞുമോൾ റജി, ഷൈലജ, വിശ്വനാഥൻ, അമ്പിളി, പ്രഭ തുടങ്ങിയവർ സംസാരിച്ചു.

## ജയിലിലെ വാഹനം ലേലത്തിന്

ആലപ്പുഴ: ജില്ല ജയിലിലെ കെ.എൽ.01 എ.ക്യു. 1173 സുമോ ഡീസൽ വാഹനം 2007 മോഡൽ ജില്ല ജയിൽ കോമ്പൗണ്ടിൽ വച്ച് ജനുവരി 10ന് ലേലം ചെയ്യുന്നു.ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുദ്രവച്ച കവറിൽ നിരതദ്രവ്യമുൾപ്പടെ ജില്ല ജയിൽ, ആലപ്പുഴ ബസാർ പി.ഓ 688012 എന്ന വിലാസത്തിൽ ജനുവരി എട്ടിന് വൈകിട്ട് നാലിന് മുമ്പായി ലഭിക്കത്തക്കവിധം അയയ്ക്കണം.